കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്
## 2015-16
## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)124/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ നം. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 02.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)124/2017 തിയ്യതി:02.02.2017

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.17.04.15 മുതൽ 31.03.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച | 17-11-2016 മുതൽ 24-11-2016 വരെ |

| | |
|---|---|
| സമയം | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം.എൽ.അഗസ്റ്റിൻ (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജയകൃഷ്ണൻ.എസ്. (അസി. ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജോമോൻ.ഇ.കെ. (സീനി.ഗ്രേ.ഓഡിറ്റർ) |
| | ശ്രീമതി.ബിന്ദു.സി.വി. (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗീത ഭരതൻ | 1.4.15 മുതൽ 31.10.15 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1.11.15 മുതൽ 18.11.15വരെ |
| | ശ്രീ.എ.കെ.ഹുസൈൻ | 19.11.15 മുതൽ 31.3.16വരെ |
| സെക്രട്ടറി | ശ്രീ.അനംഗദാസൻ.ടി.കെ | 1.4.15 മുതൽ 4.4.15 F.N വരെ |
| | ശ്രീമതി.ഷൈല.പി.എ (ഇൻ ചാർജ്) | 4.4.15 മുതൽ 14.6.15 വരെ |
| | ശ്രീ.അനംഗദാസൻ.ടി.കെ | 16.6.15 മുതൽ 25.7.15 F.N വരെ |
| | ശ്രീമതി.എ.എം.പങ്കജം | 25.7.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷൈല.പി.എ | 1.4.15 മുതൽ 14.6.15 വരെ |
| | ഷൈല പി.എ (ലീവ്) | 15.6.15മുതൽ 12.7.15 വരെ |

| | | |
|---|---|---|
| | ഷൈല.പി.എ | 13.7.15മുതൽ 11.9.15 വരെ |
| | പത്മാവതി.ഒ.പി | 11.9.15മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | സ്മിത.സി.ഫ്രാൻസിസ് | 1.4.15 മുതൽ 31.3.16 വരെ |
| അസി.എഞ്ചിനീയർ | വിനീത അശോകൻ.ഒ. | 1.4.15 മുതൽ 6.12.15 വരെ |
| | രാജിമോൾ.സി.രാജു. | 7.12.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.കെ.ടി.സുജ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷിനി.കെ.എം | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.ഡി.രാഗേഷ് | 1.4.15 മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപിക | കെ.എ.അനിത | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ. | ജയദീപ്.ടി. | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സ്റ്റെല്ല | 1.4.15 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപന തൊഴിൽ നികുതി പിരിവിൽ അലംഭാവം | 2-1 |
| 13 | വാടക പിരിവ് കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല | 2-2 |
| 14 | സാംഖ്യ രശീതി-അപാകതകൾ | 2-3 |
| | ഭാഗം 3 | |
| 15 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവാക്കാതെ തിരിച്ചടവാക്കിയത് | 3-1 |
| 16 | സെക്രട്ടറിയുടെ പ്രോജക്ടുകൾ -അപാകതകൾ . | 3-2 |
| 17 | മീഡിയാശ്രീ പദ്ധതി - പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-3 |
| 18 | യുവജനക്ഷേമപരിപാടി-പ്രൊഫഷനൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അപാകതകൾ . | 3-4 |
| 19 | തൊഴിൽ രഹിത വേതനം അനർഹമായി നൽകി | 3-5 |

| | | |
|---|---|---|
| 20 | മരാമത്ത് പ്രവർത്തികൾ കുറവ് കോട്ട് ചെയ്ത ദർഘാസുകൾ റദ്ദു ചെയ്ത് റിടെണ്ടർ ചെയ്തതുമൂലം പഞ്ചായത്തിനു നഷ്ടം | 3-6 |
| 21 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-7 |
| | ഭാഗം-4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.03.15 തിയതിയിലെ 1 (1)ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 16.07.16 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

സാക്ഷ്യപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള താഴെ കൊടുക്കുന്ന അപാകത തീർപ്പാക്കാൻ അവശേഷിക്കുന്നു.

1. സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2. 31.03.2016 വരെയുള്ള ആസ്തി ബാധ്യതകൾ ചിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14394448 |
| വരവ് | 32193278 |
| ആകെ | 46587726 |
| ചെലവ് | 38674883 |
| നീക്കിയിരിപ്പ് | 7912843 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 735620 | 6891210 | 7626830 | 7626830 | 4706408 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3031928 | 4131007 | 7162935 | 4595940 | 2566995 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 48248 | 4908785 | 4957033 | 4957033 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 229857 | 2237347 | 2467204 | 2467204 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1151061 | 4596491 | 5747552 | 3897736 | 1849816 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2213000 | 262896 | 2475896 | 2186299 | 289597 | 0 |
| ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 8614716 | 8414716 | 8614716 | 0 | 0 |
| ബി ഫണ്ട് | 0 | 23831100 | 23831100 | 23831100 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 43868919 | 127 | 28217227 | 4 | 15 | 86.98% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.48% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4197812 | 2618530 | -1579282 | -37.62% |
| നികുതിയേതര വരവുകൾ | 1356468 | 1482175 | 125707 | 9.26 |
| മറ്റുവരവുകൾ | 6034930 | 6388940 | 354010 | 5.86 |
| ആകെ | 11589210 | 10489645 | -1099565 | -9.48 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 194880 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 4592340 | 654 |
| വിധവാപെൻഷൻ | 8196080 | 919 |
| വാർദ്ധക്യകാലപെൻഷൻ | 7613790 | 1261 |
| വികലാംഗപെൻഷൻ | 1865890 | 237 |
| അവിവാഹിതപെൻഷൻ | 811120 | 111 |
| വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 0 | 0 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 തിയതിയിൽ 3.00 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3028/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത

ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)പഞ്ചായത്തില് സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

2) അസി.എഞ്ചിനീയർ, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരൊന്നും നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

3)സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അടിക്കാതെ പണം പിൻവലിക്കലുകൾ നടത്തി

4)എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.7.16 | ജൂൺ 2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-03-14 മുതൽ 22-04-14 വരെ | 2008-09 മുതൽ 2012-13 വരെ | 06/05/14 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി പിരിവിൽ അലംഭാവം

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ലായെന്നും കാണുന്നു.

| നം. | സ്ഥാപനം | ഈടാക്കണ്ടേ തുക | ഒന്നാം പാദം | രണ്ടാം പാദം | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക് | 1250 | ഇല്ല | ഇല്ല | 2500 |
| 2 | ക്ഷീര വികസന കേന്ദ്രം | 1250 | ഇല്ല | ഇല്ല | 2500 |

| | | | | | |
|---|---|---|---|---|---|
| 3 | മാവേലി സ്റ്റോർ | 1250 | 1250 | ഇല്ല | 1250 |
| 4 | മോസസ് ലാബ് | 600 | 600 | ഇല്ല | 600 |
| 5 | മൂത്തൂറ്റ് ഫിനാൻസ് | 1250 | 1250 | ഇല്ല | 1250 |
| | ആകെ | | | | 8100 |

കൂടാതെ ജീപ്പിന്റെ ഡ്രൈവർ ശ്രീ കുമാരൻ രണ്ടാം പാദത്തിലടവാക്കേണ്ട തൊഴിൽ നികുതി 600/- രൂപ അടവാക്കിയിട്ടില്ലായെന്നും കാണുന്നു. ആയത് ഉടൻ തന്നെ ഈടാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| പേര് | വാർഡ് നം., കെട്ടിട നം. | കുടിശ്ശിക |
|---|---|---|
| K P അലി, കറുപ്പംവീട്ടിൽ | 14/46, 14/47, 11/314 | 121294 |
| സുബിൻ V S, വലിയപുരക്കൽ | 11/312 | 28034 |
| T A മണികണ്ഠൻ | 11/313 | 17025 |
| ആകെ | | 166353 |

കുടിശ്ശിക സംഖ്യ പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 സാംഖ്യ രശീതി--അപാകതകൾ

സാംഖ്യ ക്യാൻസൽഡ് രശീതി റിപ്പോർട്ട് പ്രകാരം 2015-16 സാമ്പത്തികവർഷം 621 രശീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ക്യാൻസൽഡ് രശീതി റിപ്പോർട്ട് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഇഷ്യൂ ചെയ്ത രശീതികളുടെ നമ്പറുകൾ ക്യാൻസൽഡ് രശീതി റിപ്പോർട്ടിൽ ആവർത്തിക്കുന്നു.എന്നാൽ സാംഖ്യ രശീതി ബുക്ക് പ്രകാരം ടി നമ്പറുകൾ ക്യാൻസൽ ചെയ്തതായി കാണുന്നില്ല.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യതി | രശീതി നമ്പർ | പേര് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 13.4.15 | 11501100187 | അബൂബക്കർ ഹാജി | 629/- |
| 16.4.15 | 11501100197 | സെക്രട്ടറി,മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് | 3480/- |
| 18.4.15 | 11501100229 | ജമീല | 127/- |
| 20.4.15 | 11501100233 | മാത്യു | 781/- |

2)ക്യാൻസൽഡ് രശീതികളുടെ (സ്റ്റേഷനറി സൂക്ഷിച്ചിട്ടുണ്ട്) അതേ നമ്പറുകളിൽ വീണ്ടും രശീതി ഇഷ്യു ചെയ്തിരിക്കുന്നു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തിയ്യതി | രശീതി നമ്പർ | സ്റ്റേഷനറി നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 20.4.15 | 11501100277 | B 5086549 | തങ്കമ്മ എന്ന റോസിലി | 319/- | ക്യാൻസൽഡ് |
| | 20.4.15 | 11501100277 | B 5086550 | തങ്കമ്മ എന്ന റോസിലി | 319/- | രശീത് ഇഷ്യൂഡ് |
| 2 | 19.5.15 | 11501100624 | B 5086910 | ഗീത മോഹനൻ | 1500/- | രശീത് ഇഷ്യൂഡ് |
| | 19.5.15 | 11501100624 | B 5086911 | ഗീത മോഹനൻ | 1500/- | ക്യാൻസൽഡ് |
| | 19.5.15 | 11501100624 | B 5086912 | ഗീത മോഹനൻ | 1500/- | ക്യാൻസൽഡ് |
| | 19.5.15 | 11501100624 | B 5086913 | ഗീത മോഹനൻ | 1500/- | ക്യാൻസൽഡ് |
| 3 | 11.6.15 | 11501100841 | B 5140144 | ലോറൻസ്& ലിസ | 778/- | രശീത് ഇഷ്യൂഡ് |
| | 11.6.15 | 11501100841 | B 5140145 | ലോറൻസ്& ലിസ | 778/- | ക്യാൻസൽഡ് |
| | 11.6.15 | 11501100841 | B 5140146 | ലോറൻസ്& ലിസ | 778/- | ക്യാൻസൽഡ് |
| 4 | 22.6.15 | 11501100934 | B 5140244 | നാസർ | 465/- | ക്യാൻസൽഡ് |
| | 22.6.15 | 11501100934 | B 5140245 | നാസർ | 465/- | രശീത് ഇഷ്യൂഡ് |

3)ഒരേ സാംഖ്യ രശീതി നമ്പറിൽ ക്യാൻസൽ ചെയ്യുകയും ഇഷ്യൂ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇഷ്യൂ ചെയ്ത രശീതി നമ്പറും തുകയും ഡെ ബുക്കിൽ വന്നിട്ടില്ല. ടി തുകകൾ തനത് ഫണ്ടിൽ അടവാക്കി

ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | തിയ്യതി | രശീതി നമ്പർ | സ്റ്റേഷനറി നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 18.4.15 | 11501100224 | B 5086495 | പ്രഭാകരൻ | 79/- | ക്യാൻസൽഡ് |
| | 18.4.15 | 11501100224 | B 5086496 | പ്രഭാകരൻ | 79/- | രശീത് ഇഷ്യൂഡ് |
| 2 | 28.5.15 | 11501100703 | B 5086995 | വിനയൻ | 20/- | രശീത് ഇഷ്യൂഡ് |
| | 28.5.15 | 11501100703 | B 5086996 | വിനയൻ | 20/- | ക്യാൻസൽഡ് |

മേൽ വിഷയവുമായി ബന്ധപ്പെട്ട് എൻക്വയറി 7/22.11.16 നൽകിയതിനുള്ള മറുപടിയിൽ കമ്പ്യൂട്ടർ തകരാർ മൂലവും സാംഖ്യ സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാർ മൂലവുമാണ് മേൽ അപാകതകൾ ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ മൂലം വരവ് നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവാക്കാതെ തിരിച്ചടവാക്കിയത്

വൗച്ചർ നം - 21501167/ 21.3.16, തുക - 96975/-

വൗച്ചർ നം - 21501168/ 21.3.16, തുക - 96975/-

16.11.2013 ലെ ജി.ഒ(എം.എസ്)362/2013 ത.സ്വ.ഭ.വ ഉത്തരവിന്റെ viii ലെ ഖണ്ഡിക ഒ യിലെ നിർദ്ദേശങ്ങൾ പ്രകാരം മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾ കൈമാറുന്ന തുക ഡിസംബർ 31ന് മുമ്പെങ്കിലും കൈമാറിയിരിക്കണം. കൈപ്പറ്റിയ തുക അതത് സാമ്പത്തികവർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചില്ലെങ്കിൽ ആയത് അത് നൽകിയ തദ്ദേശഭരണസ്ഥാപനത്തിലേക്ക് തിരിച്ചടക്കണം. 2015-16 കാലയളവിൽ സംയുക്തപ്രോജക്ടുകൾക്ക് ബ്ലോക്ക് ഷെയറായി 1,50,000 രൂപ ജില്ലാപഞ്ചായത്തിൽ നിന്ന് 1,50,000 രൂപ എന്നിങ്ങനെ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ നിന്ന് 96,975 രൂപ വീതം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ചെലവഴിക്കാൻ ബാക്കിയുള്ള 1,06,050 രൂപ [53025(ബ്ലോക്ക് വിഹിതം)+53025(ജില്ലാ പഞ്ചായത്ത് വിഹിതം)]രൂപയിൽ 53,025(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)മാത്രമാണ് തിരിച്ചടവാക്കിയത്.(ചെ.നം.436779/18.8.16). ജില്ലാപഞ്ചായത്ത് വിഹിതം നാളിതുവരെ തിരിച്ചടവാക്കാതെ തനത് ഫണ്ടിൽത്തന്നെ നിക്ഷേപിച്ചിരിക്കുകയാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.4/21.11.16)

## 3-2 സെക്രട്ടറിയുടെ പ്രോജക്ടുകൾ -അപാകതകൾ

താഴെച്ചേർക്കുന്ന പട്ടിക പ്രകാരമുള്ള പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾക്ക് ചെലവിന്റെ അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നല്കിയത് | കൂടുതൽ പരാമർശങ്ങൾ |
|---|---|---|---|
| 1.SOO130/16<br>വൈദ്യുതപോസ്റ്റ് മാറ്റിവയ്ക്കൽ | 50000/-<br>വൗച്ചർനം.21500255/ 16.7.15ഡി.ഡി.നം.168763/ 17.7.15 | കെ.എസ്.ഇ,ബി. | വിനിയോഗിച്ചതിന്റെ<br>സർട്ടിഫിക്കറ്റ്<br>ഹാജരാക്കിയിട്ടില്ല.<br>പോസ്റ്റിന്റെ നമ്പർ, മെമ്പറുടെ സാക്ഷ്യപത്രം<br>എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2.ഐ.എ.വൈ അധിക ധനസഹായം<br>SOO137/16 | 97500/-വൗച്ചർനം-1152/ 31.3.16ഡി.ഡി.നം.384891/ 6.4.16 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗിച്ചതിന്റെ<br>സർട്ടിഫിക്കറ്റ്<br>ഹാജരാക്കിയിട്ടില്ല. |
| 3.കേരളോൽസവം<br>പ്രോജക്റ്റ് നം.SOO140/16 | 15495/-ബിൽ നം.391/ 18.9.15<br>വൗച്ചർനം-433/18.9.15<br>ചെ.നം.325449/18.9.15<br>ഇൻവോയ്സ് നം.1201/ തീ. ഇല്ല | ഫൈനൽ പ്ളസ്<br>ട്രോഫീസ് & വെസൽസ്<br>ശ്രീ.സ്റ്റീഫൻ | 2014-15 കേരളോൽസവം<br>ചെലവുകളാണ്2015-16ൽ നടത്തിയിട്ടുള്ളത്.ട്രോഫികൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.<br>യുവജനക്ഷേമബോർഡിലേക്ക് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>അയച്ചതിന്റെ രേഖകളില്ല. |
| 4.പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെ<br>ടുത്തൽ പ്രോജക്റ്റ് നം.SO109/16 | 196653/-വൗച്ചർനം- 21500254/16.7.15 | സിഡ്കോ, കടവന്ത്ര, കൊച്ചി | ഓൺലൈൻ NEFTട്രാൻസ്ഫർ നടത്തിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല,<br>പ്രസ്തുത ചെലവിന്റെ വിശദമായ ബില്ലോ |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ്മെന്റോ ഹാജരാക്കിയിട്ടില്ല.<br>ഹാജരാക്കിയ ബിൽ രണ്ടു<br>വർഷമായി മേൽപ്പറഞ്ഞ<br>ഇനത്തിന് ചെലവഴിച്ച<br>752632 രൂപയുടെ ബില്ലാണ്. ഇതിലെ എത്ര ഇനങ്ങൾ തൻവർഷം വാങ്ങി എന്നതിന് വ്യക്തമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.<br>ഹാജരാക്കിയ ബില്ലിലെ<br>ക്രമ നം.19 ആയ ഫ്രണ്ട്<br>ഓഫീസ് ടേബിൾ സൈസ് - 150*60*75<br>സ്റ്റോക്കിലെടുത്തിട്ടില്ല (പേജ്.നം.26) |
| 5.പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ<br>SOO71/16<br>കമ്പ്യൂട്ടർ 8 എണ്ണം,<br>ലേസർ പ്രിന്ററുകൾ 3 എണ്ണം | 383050/-വൗച്ചർനം-21500451/28.9.15<br>NEFT | എ ഡോട്ട് കംപ്യൂട്ടേഴ്സ്, വെസ്റ്റ് ഫോർട്ട് തൃശ്ശൂർ. | ആകെ 2 ക്വട്ടേഷൻ ലഭിച്ചതിൽ നിന്നാണ് എ ഡോട്ട് കംപ്യൂട്ടേഴ്സിനെ<br>തെരഞ്ഞെടുത്തത്.<br>ലേസർ പ്രിന്ററുകൾക്ക്<br>മാത്രമാണ് എ ഡോട്ട് കംപ്യൂട്ടേഴ്സ് കുറഞ്ഞ നിരക്ക് ക്വാട്ട് പള്ളിവളവ്,മതിലകംകംപ്യൂട്ടേഴ്സ്,<br>ബി പ്ളസ് ചെയ്തിരുന്നത്. കംപ്യൂട്ടറുകൾക്ക് എന്ന സ്ഥാപനമാണ്കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. പ്രസ്തുത സ്ഥാപനത്തെ കംപ്യൂട്ടറുകൾ<br>വാങ്ങലിൽ വിശദീകരിക്കേണ്ടതാണ്. നിന്ന് ഒഴിവാക്കിയത് കൂടാതെ എ |

| | | | |
|---|---|---|---|
| | | | ഡോട്ട് കംപ്യൂട്ടേഴ്സ് ഹാജരാക്കിയ<br><br>പ്രൊഫോർമ ഇൻവോയ്സിലെ<br><br>3982 സീരീസിലുള്ള പ്രൊഫോർമ ഇൻവോയ്സ് നം.5/8.7.15(ഡെസ്ക് ടോപ് പി.സി ഏഡർ വെറിടോൺ കേഡർ 3982) പ്രകാരമുള്ള കംപ്യൂട്ടറുകളല്ല സപ്ലൈ ക്രെഡിറ്റ്<br><br>(ഇൻവോയ്സ് നം. TCB108Q/19.8.15 ഡെസ്ക് ടോപ്പ് ഏഡർ വെറിടോൺ കേഡർ IC 6120) ചെയ്തതിട്ടുള്ളത്. മറ്റു മോഡലുകൾ ലഭ്യമാക്കുന്നത് കരാർ<br><br>ലംഘനമാണ്.(സപ്ളൈ എഗ്രിമെന്റ് നം.4/15-16/ 10.7.15 |
| 6.പ്രോജക്റ്റ് നം.S0067/16<br><br>വാതകശ്മശാനം<br><br>നിർമ്മാണം. | 975093/-വൗച്ചർനം-21500528/16.10.15<br><br>ഡി.ഡി.നം.533752/ 19.9.15രസീത് നം.41041/ 17.10.15 | കോസ്റ്റ്ഫോർഡ്, അയ്യന്തോൾ , തൃശ്ശൂർ | പ്രസ്തുത പ്രോജക്ടിനായി ഫർണസ് വാങ്ങുന്നതിനാണ്<br><br>തുക നല്കിയിട്ടുള്ളത്. എന്നാൽ ഇത് ലഭ്യമാക്കിയിട്ടില്ല.<br><br>വാതകശ്മശാനം ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ<br><br>പോലും സ്വീകരിക്കാതെയാണ് തുക നല്കിയിട്ടുള്ളത്. മലിനീകരണനിയന്ത്രണ<br><br>ബോർഡിന്റെ സർട്ടിഫിക്കറ്റ്,<br><br>ജില്ലാ കലക്ടറുടെഅനുവാദം, അയൽവാസികളുടെ നിരാക്ഷേപപത്രങ്ങൾ, ഫയർ NOC മുതലായവ ലഭ്യമാക്കാതെ മേൽപ്പറഞ്ഞ പ്രകാരമുള്ള ചെലവ് ചെയ്തതിന് |

| | | | |
|---|---|---|---|
| | | | വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 7.കുടിവെള്ളപദ്ധതി അറ്റകുറ്റപ്പണി-(മാനിന-പറമ്പന്തളി)<br>പ്രോജക്ട് നം-SO139/16 | 27692/-തനത് ഫണ്ടിൽ<br>നിന്ന് സംരക്ഷണ സമിതിയുടെ A/C NO.67321098437 ലേക്ക് തുക നല്കി.<br>NEFT വിവരം ലഭ്യമാക്കിയിട്ടില്ല. | സംരക്ഷണ സമിതി<br>മാനിന കുടിവെള്ളപദ്ധതി | പ്രസ്തുത ബില്ലിൽ ജെ.സി.ബി<br>വാടക ഇൻവോയ്സ്. നം.3102/<br>26.2.16 പ്രകാരം 6805/- രൂപയും ഇൻവോയ്സ്.നം. 3103/27.2.16 പ്രകാരം 6040രൂപയും നല്കിയിട്ടുണ്ട്. മണിക്കൂർ രേഖപ്പെടുത്തിയത് തുക കണക്കാക്കിയത് എന്നിവ പൊരുത്തപ്പെടുന്നില്ല. JCB വാടക സർക്കാർ അംഗീകരിച്ച നിരക്കിൽ നല്കേണ്ടതാണ്. |
| 8.SO0141/16<br>മാനിന കുടിവെള്ള പദ്ധതി പുതിയ മോട്ടോർ<br>വാങ്ങൽ(15 H.P) | 51000/- ബിൽ നം-10980/-<br>തീ.25.8.15 | കേയാർ ട്രേഡിംഗ് കോർപ്പറേഷൻ<br>പ്രൊപ്രൈറ്റർ ശ്രീ.സുജിത്ത്.പി. എസ്, ഇല്ലത്തോംകോട്<br>പി.ഓ, പതിയാർകുളങ്ങര,<br>തൃശ്ശൂർ.(9-ാം വാർഡ്) | പ്രീമിയർ ഇലക്ട്രിക്കൽസ്<br>വർക്ക്സ് എന്ന സ്ഥാപനത്തിലെ ഇലക്ട്രീഷ്യൻ ശ്രീ.ജോസ്.കെ.എ.<br>സാക്ഷ്യപ്പെടുത്തിയതു പ്രകാരം പഴയ മോട്ടോർ തുടർച്ചയായി പമ്പു ചെയ്യാൻ കഴിയാതെ വന്നതിനാലാണ് ആയതു മാറ്റി പുതിയതു വാങ്ങാൻ<br>തീരുമാനിച്ചിട്ടുള്ളത്. പഴയ മോട്ടോർ റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കുകയോ സ്ക്രാപ്പ് നടപടിക്രമങ്ങൾ സ്വീകരിച്ച് വിൽക്കുകയോ<br>ചെയ്യേണ്ടതാണ്. തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 54791 രൂപയ്ക്ക് 51000 രൂപ മാത്രമേ റീക്ലപ്പ് ചെയ്തിട്ടുള്ളൂ. ബാക്കി 3791/- രൂപ നാളിതു വരെ റീക്ലപ്പ് ചെയ്യാത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ എസ്റ്റിമേറ്റിൽ വാങ്ങാനുദ്ദേശിച്ചിരുന്ന<br>ഡെക്കാൻ 12.5 HP/9Kw |

| | | | |
|---|---|---|---|
| | | | സബ്മെഴ്സിബിൾ ഹെഡ് 60 മീ. പമ്പിന്റെ പകരം 15 HP വാങ്ങിയത്. കുടിവെള്ളപദ്ധതികൾ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയും രജിസ്റ്റേർഡ് സമിതികളെ ഏൽപ്പിക്കേണ്ടതാണ്. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഇത്രയും HP കൂടുതലുള്ള പമ്പ് ഉപയോഗി ക്കേണ്ടതുണ്ടോ എന്നത് വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ പമ്പുകളുടെയും വിവരം കാണിക്കുന്ന പമ്പ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. പമ്പിംഗ് ഷെഡ്യൂളുകളുടെ വിവരം അധികൃതർ നിരീക്ഷിക്കേണ്ടതാണ്. |

ഓഡിറ്റ് എൻക്വയറി നം.8/23.11.16 നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ പട്ടിക 1 മുതൽ 8 വരെ നടത്തിയ ചെലവുകളുടെ ആകെത്തുക 1796483 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 മീഡിയാശ്രീ പദ്ധതി - പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട്നം -S0091/16

ബിൽനം-2/31.7.15

വൗച്ചർ നം - 3/15-16തീ.31.7.15 തുക-65000/-

05.12.2014ലെ സ.ഉ(സാ.ധാ)നം.3206/2014/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡിയാശ്രീ" പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000/- രൂപ വീതമാണ് വാർഷികപദ്ധതിയുടെ തനത്ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ നല്കാവുന്നത്. നിലവിലുള്ള ഭരണസമിതികളുടെ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്ററി കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ രണ്ടാം കക്ഷിയായി സെക്രട്ടറിയുമായി കരാർ വച്ചതിന്റെ രേഖകൾ(പകർപ്പ്)

ഹാജരാക്കിയിട്ടില്ല(21.3.15 ലെ കുടുംബശ്രീ ഏക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്-കെ-6260/2014 നമ്പർ നടപടിക്രമം). കരാർ രേഖയുടെ 5-ാം ഖണ്ഡികയായി ഡോക്യുമെന്ററിയുടെ സമയബന്ധിതമായ പൂർത്തീകരണവും ഗുണമേന്മയും ഉറപ്പു വരുത്തേണ്ടത് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററാണ്.പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ( ഡോക്യുമെന്ററിയുടെ സി.ഡി), കുടുംബശ്രീ ജില്ലാ മിഷനുമായി കരാർ വച്ചതിന്റെ രേഖകൾ, ചെലവിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

സ.ഉ.(സാ.ധാ) നം.462/2015/ത.സ്വ.ഭ.വ തിരുവനന്തപുരം തീ.16.02.2016 ഉത്തരവു പ്രകാരം സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം വഴി ഡോക്യുമെന്ററി നിർമ്മാണത്തിന് ഉടമ്പടി വച്ച് 30% അഡ്വാൻസ് തുക മുൻകൂറായി കുടുംബശ്രീക്ക് നല്കാവുന്നതും ജില്ലാതലത്തിൽ ഡി.ഡി.പി. അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും അനുമതി നല്കി ഉത്തരവായിട്ടുണ്ടെങ്കിലും മേല്പ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചു കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/22.11.16) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലും ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാലും ചെലവ് തുക 65,000/- തടസ്സപ്പെടുത്തുന്നു.

# 3-4 യുവജനക്ഷേമപരിപാടി-പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അപാകതകൾ

പ്രോജക്ട് - S0080/16

അടങ്കൽത്തുക-3 ലക്ഷം

ചെലവ്-75000/-

2015-16 കാലയളവിൽ 3 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് 25000രൂപ വീതം കോഴ്സ് ഫീ ആയി നല്കിയിട്ടുണ്ട്. തുക നല്കിയതിന്റെ വിശദവിവരം താഴെപ്പറയുംപ്രകാരമാണ്.

| പഠിതാവിന്റെ വിവരം | തുക | ബിൽ നം/ചെക്ക് നം/തീയ്യതി | അപാകതകൾ |
|---|---|---|---|
| 1.അഞ്ജുമോൾ.ടി.എസ്. തെക്കനത്ത് ഹൗസ്, പെരുവല്ലൂർ-680508 തിരുവനന്തപുരം പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ | 25000/- | ബിൽ നം-6/15-16 തീ.15.9.15. | കോഴ്സ് സർട്ടിഫിക്കറ്റ്(28.4.15 ൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്) പ്രകാരം ടിയാൾ 2013-15 വർഷത്തെ ബാച്ചിലുള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗവ.മെഡിക്കൽ കോളേജിലെ |

| | | | |
|---|---|---|---|
| സയൻസസ് ഡി.ഫാം വിദ്യാർത്ഥിനി. | | | പ്രിൻസിപ്പലിന്റെ 7.02.15 ലെ നം.B6/20904/14/MCT<br>പ്രകാരം എസ്.സി.വകുപ്പിൽ നിന്ന് ഇ-ഗ്രാൻസ് സ്കോളർഷിപ്പ് വാങ്ങുന്നുണ്ടെന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെടാതെയാണ് പ്രോജക്റ്റ് തുക നല്കിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കിയത് തൃപ്തികരമല്ല(ഓഡിറ്റ്എൻക്വയറി നം.8/23.11.16 |
| 2.പി.കെ.ശ്യാംലാൽ,<br>പടിയത്ത് വീട്,<br>മുല്ലശ്ശേരി.(വാർഡ്12) | " | ബിൽ നം-16/15-16 /19.2.15 | 30.1.16ലെ പഞ്ചായത്തിന്റെ<br>I(15) തീരുമാനം പ്രകാരം ടിയാൾക്ക് പദ്ധതിത്തുക 25000/- നല്കിയതിന് അടുത്ത<br>ഗ്രാമസഭയിൽ അംഗീകാരം വാങ്ങുന്നതിന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും അംഗീകാരം വാങ്ങിയതിന്റെ<br>വിശദവിവരങ്ങൾ പരിശോധനയ്ക്ക്<br>ലഭ്യമാക്കിയിട്ടില്ല. |

പ്രോജക്റ്റ്ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞവർക്കു നൽകിയ തുക 50000/-തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 തൊഴിൽ രഹിത വേതനം അനർഹമായി നൽകി

തൊഴിൽ രഹിത വേതന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്നവർ അനർഹമായി വേതനം കൈപ്പറ്റിയതായി കണ്ടു.

| നം. | പേര് | ജനനതീയ്യതി | കൂടുതൽ കൈപ്പറ്റിയത് | 15-16 | 16-17 |
|---|---|---|---|---|---|
| 1 | സുനി k k | ഏപ്രിൽ 1981 | 6x120 =720 (4/16 മുതൽ 9/16 വരെ | 3/2016 വരെ അർഹത | 720 |
| 2 | ധന്യ | ജൂൺ 1981 | 2x120 =240<br>(6/16 മുതൽ | 5/2016 വരെ അർഹത | 240 |

| | | | | | |
|---|---|---|---|---|---|
| | | | 7/16 വരെ | | |
| 3 | രജനി | നവംബർ 1980 | 12x120 =1440<br>(11/15 മുതൽ 10/16 വരെ | 10/2015 വരെ അർഹത | 840 |
| ആകെ | | | 2400 | | |

ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ലയെന്നും നിശ്ചിത വയസ്സ് പൂർത്തിയാക്കിയവരെ രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നില്ലായെന്നും കാണുന്നു, ഇത്തരം അപാകതകൾ പരിഹരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.ക്രമനമ്പ്ര 3 ലെരജനിക്ക് നൽകിയ അധിക തുക(11/15 മുതൽ 3/16 വരെ) 600രൂപ തിരിച്ച് പിടിക്കേണ്ടതും 2016-17 സാമ്പത്തിക വർഷത്തെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-6 മരാമത്ത് പ്രവർത്തികൾ കുറവ് ക്വാട്ട് ചെയ്ത ദർഘാസുകൾ റദ്ദ് ചെയ്ത് റിടെണ്ടർ ചെയ്തതുമൂലം പഞ്ചായത്തിനു നഷ്ടം

22.7.2015 ലെ G.29515 എന്ന പത്ര പരസ്യം വഴി 22പൊതുമരാമത്ത് പ്രവർത്തികൾക്ക് ദർഘാസ് വിളിക്കുകയും ആയതിലേക്ക് ലഭിച്ച താഴെ പറയുന്ന ടെണ്ടറുകൾ പ്രത്യേക കാരണമില്ലാതെ റദ്ദ് ചെയ്ത റീടെണ്ടർ ചെയ്യുക വഴി സ്ഥപനത്തിന് 1,59,620/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ

| ക്രമ നം | പ്രവർത്തിയുടെ പേർ | പി.എ.സി | ടെണ്ടറർ | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|
| 1 | മദ്രസ റോഡ് ടാറിങ്ങ് 97/16 | 4,39,044 | കണ്ണൻ പി ജി<br>പി വിനോദ് | 15.3%കുറവ്<br>എസ്റ്റിമേറ്റ് നിരക്ക് |
| 2 | ഗുൽ മുഹമ്മദ്റോഡ് ടാറിങ്ങ് 28/16 | 4,99,885 | കണ്ണൻ പി ജി<br>പി വിനോദ് | എസ്റ്റിമേറ്റ് നിരക്ക്<br>6.1% കുറവ് |
| 3 | വെള്ളാംഗമഠം മഹാത്മ ലിങ്ക്റോഡ് മെറ്റലിങ്ങ് ടാറിങ്ങ് 73/16 | 4,99.839 | എം.ഗോഗിൻ<br>പി വിനോദ് | 6.1% കുറവ്<br>എസ്റ്റിമേറ്റ് നിരക്ക് |
| 4 | കിസാൻ റോഡ് ടാറിങ്ങ് 30/15 | 4,08,913 | കണ്ണൻ പി ജി<br>പി വിനോദ് | 7.8% കുറവ്<br>എസ്റ്റിമേറ്റ് നിരക്ക് |

മേൽ നിരക്കുകൾ ക്വാട്ട് ചെയ്ത ടെണ്ടറുകൾ പ്രത്യേക കാരണമില്ലാതെ റദ്ദ് ചെയ്ത് 6/8/15ലെ 1(3) നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം റീടെണ്ടർ(വിൻഡോ പരസ്യം നം.3/pw /mlsy/15-16 തി7.8.15. ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി: 17.8.15 3മണിവരെ) നടത്തി താഴെ പറയുന്ന നിരക്കിൽ മേൽ പ്രവർത്തികൾ കരാറുകാർക്ക് ഏല്പ്പിച്ചു നല്കി.

| | | | |
|---|---|---|---|
| 1 | മദ്രസ റോഡ് ടാറിങ്ങ് 97/16 | വി.എസ്സ് രവീന്ദ്രൻ | എസ്റ്റിമേറ്റ് നിരക്ക് |

| | | | |
|---|---|---|---|
| 2 | ഗുൽ മുഹമ്മദ്റോഡ് ടാറിങ്ങ് 28/16 | എൻ.കെ. കുഞ്ഞിമൊയ്തു ഹാജി | 0.05% |
| 3 | വെള്ളാംഗമഠം മഹാത്മ ലിങ്ക്റോഡ് മെറ്റലിങ്ങ് ടാറിങ്ങ് 73/16 | പി.ബി. അജിതൻ | 0.01% |
| 4 | കിസാൻ റോഡ് ടാറിങ്ങ് 30/15 | പി.ബി. അജിതൻ | 0.01% |

കുറഞ്ഞ നിരക്കിൽ ക്വാട്ട്ചെയ്ത മരാമത്ത് പ്രവർത്തികൾ റദ്ദ്ചെയ്ത് റിടെണ്ടർ ചെയ്യുകവഴി ഉണ്ടായ നഷ്ടം ഉത്തരവാദിയായവരിൽനിന്ന് ഈടാക്കി എടുത്ത നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഷ്ടവിവരം താഴെ.

| | | | | | |
|---|---|---|---|---|---|
| 1 | മദ്രസ റോഡ് ടാറിങ്ങ് 97/16 | 4,39,044 | 15.3%കുറവ് എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | 67,174 |
| 2 | ഗുൽ മുഹമ്മദ്റോഡ് ടാറിങ്ങ് 28/16 | 4,99,885 | എസ്റ്റിമേറ്റ് നിരക്ക് 6.1% കുറവ് | 0.05% | 30,243 |
| 3 | വെള്ളാംഗമഠം മഹാത്മ ലിങ്ക്റോഡ് മെറ്റലിങ്ങ് ടാറിങ്ങ് 73/16 | 4,99.839 | 6.1% കുറവ് എസ്റ്റിമേറ്റ് നിരക്ക് | 0.01% | 30,349 |
| 4 | കിസാൻ റോഡ് ടാറിങ്ങ് 30/15 | 4,08,913 | 7.8% കുറവ് എസ്റ്റിമേറ്റ് നിരക്ക് | 0.01% | 31,854 |

ആകെ
1,59,620

കുറഞ്ഞ നിരക്കിലുള്ള ദർഘാസുകൾ ഒഴിവാക്കി റീടെണ്ടർ ചെയ്യുകവഴി സ്ഥാപനത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും, ദർഘാസ് റദ്ദ് ചെയ്യാൻ തീരുമാനമെടുത്ത കമ്മിറ്റിയിലെ ഹാജരായ എല്ലാ അംഗങ്ങളും ഉത്തരവാദികളായതിനാൽ അംഗങ്ങളിൽ നിന്നും മേൽ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0023/16 |
| പ്രോജക്ടിന്റെ പേര് | പകർച്ച വ്യാധി നിയന്ത്രണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| | (സി.എച്ച്.സി) |
| അടങ്കൽ | 72500/- |
| ഫണ്ട് | വികസനഫണ്ട്-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ, തുക | 6/15-16 dt 22.03.16, 52500/-<br>9/15-16 dt 31.03.16, 20000/- |
| ഡിഡി നമ്പർ, തിയ്യതി | ലഭ്യമല്ല |

മേൽ പ്രോജക്ട് പ്രകാരം ഫോഗിങ്, സ്പ്രേയിങ് എന്നിവ നടത്തുന്നതിന് വേണ്ടി തുക ചെലവഴിച്ചിരിക്കുന്നു. മോണിറ്ററിംഗ് റിപ്പോർട്ടോ, പദ്ധതി നിർവഹണം നടത്തി ലക്ഷ്യം നിറവേറ്റിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. വകുപ്പ് തലത്തിൽ മേൽ പറഞ്ഞ പ്രവൃത്തികളിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്ന് അന്വേഷണ വിധേയമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96975 | 53025 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 96975 | 53025 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21500255 16-7-16 | 50000 | ലഭ്യമല്ല | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ(തനത് ഫണ്ട്) | 21500458 1-10-2015 | 81488 | ലഭ്യമല്ല | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ&ട്യൂബ് ലൈറ്റ് ഫിറ്റിംഗ്സ് | | 13195 | ലഭ്യമല്ല | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് | കോർലി കുടിവെള്ള പദ്ധതി അറ്റകുറ്റപണി | | 20000 | 16800 | 3200 |
| കെ.എസ്.ഇ.ബി | അംഗൻവാടി ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | | 25650 | ലഭ്യമല്ല | |
| വാട്ടർ അതോറിറ്റി | പുള്ള് കോളനി കുടിവെള്ള പദ്ധതി | | 707500 | ലഭ്യമല്ല | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | G.O(Rt)No. 521/2010 /LSGD/1- | 4856122 | 1949205 | | | 1949205 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Dt.7-2-10 | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോപ്പറേറ്റീവ് ബാങ്ക് | 5000 |
| ആകെ | 5000 |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2012-13 | 3(4)b | 3100 | സിവിൽ സർജൻ സി.എച്.സി മുല്ലശ്ശേരി | 11501100896/15-6-15 |
| 2014-15 | | 2500 | അനിൽകുമാർ വി.എ.സ് എസ്.ബി.ടി. | 11501101419/11-8-15 |

| | | | | |
|---|---|---|---|---|
| | | | മുല്ലശ്ശേരി | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32193278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38674883 |
| വരവിനങ്ങളിലുള്ള നഷ്ടം | 8700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 160220 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1983983 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8700 | | എ.എം.പങ്കജം സെക്രട്ടറി |
| 3-5 | - | 600 | സെക്രട്ടറി, അനംഗദാസൻ ടി.കെ |
| 3-6 | - | 159620 | വിനീത അശോകൻ .ഒ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8700 | 160220 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 246653 | അനംഗദാസൻ.ടി.കെ സെക്രട്ടറി |
| | 1549830 | എ.എം.പങ്കജം, സെക്രട്ടറി |
| 3-3 | 65000 | ഷൈല.പി.എ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-4 | 5000 | പത്മാവതി.ഒ.പി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 72500 | സുജ.കെ.ടി,<br>മെഡിക്കൽ ഓഫീസർ |
| ആകെ | 1983983 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.എം.പങ്കജം,<br>സെക്രട്ടറി | സെക്രട്ടറി, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് | ശ്രീവരം, കണിമംഗലം. പി.ഒ<br>തൃശ്ശൂർ |
| അനംഗദാസൻ ടി.കെ<br>സെക്രട്ടറി | സെക്രട്ടറി, വെളിയംകോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം | അനംഗദാസൻ ടി.കെ, തോട്ടത്ത് വീട്, മുല്ലശ്ശേരി, തൃശ്ശൂർ |
| വിനീത അശോകൻ .ഒ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ,<br>മുല്ലശ്ശേരി | ഒറവൻതുരുത്തി വീട്,<br>അഷ്ടമിച്ചിറ.പി.ഒ<br>തൃശ്ശൂർ |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | റിമാർക്സ് |
|---|---|---|

| | വിവരം | |
|---|---|---|
| 68-69 | എൽ.എഫ്.ടി8-1803/96(1) തീയതി 19/12/06 | 1 |
| 72-73 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 3 |
| 73-74 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 9 |
| 75-76 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 19 |
| 76-77 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 21 |
| 77-78 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 10 |
| 78-79 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 7 |
| 79-80 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 7 |
| 80-81 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 14 |
| 81-82 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 10 |
| 82-83 | എൽ.എഫ്.ടി8-1803/96(1) തീയതി19/12/06 | 8 |
| 83-84 | എൽ.എഫ്.ടി8-1803/96(1) തീയതി 19/12/06 | 16 |
| 84-85 | എൽ.എഫ്.ടി-11-1802/83 തീയതി-02/09/03 | 9 |
| 85-86 | എൽ.എഫ്.ടി-11 -1199/91 തീയതി-20-7-92 | 26 |
| 86-87 | എൽ.എഫ്.ടി-11- 1316/92 തീയതി-09/10/92 | |
| 88-89 | എൽ.എഫ്.ടി-11- 1316/92 തീയതി-09/10/92 | 35 |
| 89-90 | എൽ.എഫ്.ടി-11-1316/92 തീയതി-09/10/92 | |
| 90-91 | എൽ.എഫ്.ടി-11- 262/96 തീയതി - 21.12.96 | 29 |
| 91-92,92-93,93-94 | എൽ.എഫ്.ടി-11- 262/96 തീയതി-21/12/96 | 27 |

| | | |
|---|---|---|
| 94-95,95-96 | എൽ.എഫ്.ടി21-355/98 9/11/98- 1802/83 തീയതി-02/09/03 | 28 |
| 96-97 | എൽ.എഫ്.ടി-11-1802/83 തീയതി-02/09/03 | 24 |
| 97-98 | എൽ.എഫ്.ടി-15/839/98- തീയതി 31/12/98 | |
| 98-99 | എൽ.എഫ്.ടി15/631/00 തീയതി 7-8-00 | |
| 99-00 | എൽ.എഫ്.ടി15-245/03 തീയതി 6-9-03 | |
| 00-01 | എൽ.എഫ്.ടി15-1056/04 തീയതി 7-1-2004 | |
| 01-02 | എൽ.എഫ്.ടി 15 1057/04 തീയതി 17-1-04 | |
| 02-03 | എൽ.എഫ്.ടി15 353/05 തീയതി 3-8-09 | |
| 03-04 | എൽ.എഫ്.ടി 15 1875/06 തീയതി 30-5-07 | |
| 04-05 | എൽ.എഫ്.ടി 15 1964/08 തീയതി 14-9-09 | |
| 05-06 | എൽ. എഫ്. ടി 151965/08 തീയതി 14-09-09 | |
| 06-07 | എൽ.എഫ്.ടി 15 തീയതി 29.11.10 | |
| 07-08 | എൽ.എഫ്.ടിപി-7-1811/10 തീയതി 31-5-11 | |
| 08-09 മുതൽ10-11 | എൽ.എഫ്.ടി .പി-1 2180/12 തീയതി 11-3-13 | |
| 11-12 | എൽ.എഫ്.ടി 5-200/13 തീയതി 3-4-14 | |
| 12-13 | എൽ.എഫ്.ടിപി5 1286/14 തീയതി 9-1-2015/24-3-15 | |
| 13-14 | കെ എസ് എ ടി എസ് ആർ-(പി5)750/15<br><br>6-10-15 /12-10-15 | |
| 14-15 | കെ എസ് എ ടി എസ് ആർ-(പി5)1254/16 | |

| | | | |
|---|---|---|---|
| | 26-7-16/30-7-16 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി5)124/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി :02.02.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(P.5)124/2017

Kerala State Audit Department

District Audit Office,

Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 02.02.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Mullassery Grama panchayat in Thrissur District for the year ended on 31.03.2015 in accordance with Section 4 of the Kerala

Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Mullassery Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.